(എ) മലപ്പുറം മാനാളൂർ ഗ്രാമപഞ്ചായത്തിലെ "പാറേകുളത്തിന്" റീസർവേ പ്രകാരം എത്ര വിസ്തീർണ്ണമുണ്ട്;

(ബി) പ്രസ്തുത കുളത്തിന്റെ ചില ഭാഗങ്ങൾ സമീപവാസികൾ കയ്യേറിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്പോൾ കുളത്തിന്റെ വിസ്തൃതി എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) കുളത്തിന്റെ അതിരുകൾ സംരക്ഷിക്കുന്നതിന് ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി എന്തു തുക ചെലവഴിച്ചിട്ടുണ്ട്;

(ഇ) കുളം കയ്യേറുന്നത് തടയുവാൻ ഗ്രാമ പഞ്ചായത്ത് അധികൃതർ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്;

(എഫ്)കയ്യേറ്റം നടത്തിയ സ്ഥലം തിരികെ പിടിച്ചെടുത്ത് വിസ്തൃതി നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ജി) കുളത്തിലെ വെള്ളം കൃഷി ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനുവേണ്ടി നാട്ടുകാർ നൽകിയ നിവേദനത്തിൻമേൽ പഞ്ചായത്ത് എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) 26 സെന്റ്.

(ബി)&(സി) കുളം സർവേ ചെയ്തു കഴിഞ്ഞുമാത്രമേ സ്ഥലം കയ്യേറിയിട്ടുണ്ടോ എന്നും ഇപ്പോഴത്തെ വിസ്തൃതി എത്രയാണെന്നും വ്യക്തമാക്കുവാൻ കഴിയുകയുള്ളൂ.

(ഡി) 1,80,000/- രൂപ. (ഒരു ലക്ഷത്തി എൺപതിനായിരം രൂപ)

(ഇ) കുളത്തിന്റെ സ്ഥലം സർവ്വേ ചെയ്യുന്നതിന് പഞ്ചായത്ത് മേൽനടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്)കേരള പഞ്ചായത്ത് രാജ് ആക്റ്റ് അനുസരിച്ച് പഞ്ചായത്തിന് നടപടി സ്വീകരിക്കാവുന്നതേയുള്ളൂ.

(ജി) നാട്ടുകാരിൽനിന്നും നിവേദനം ലഭിച്ചിട്ടില്ല.

ഡെവലപ്മെന്റ് ഫണ്ട്

90(3178) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ലെ പഞ്ചായത്ത് നിയമപ്രകാരം പഞ്ചായത്ത് പ്രദേശങ്ങളിൽ വീട് പണിയുമ്പോൾ ഉയർന്ന നിരക്കിലുള്ള ഡെവലപ്മെന്റ് ഫണ്ട് നൽകണമെന്ന വ്യവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പത്തു സെന്റിന് മുകളിൽ വസ്തു ഉള്ളവർക്ക് വീട് പണിയുന്നതിന് ഓരോ സെന്റ് ഭൂമിക്കും 75 രൂപ ഡെവലപ്മെന്റ് ഫണ്ട് നൽകണമെന്ന വ്യവസ്ഥയ്ക്ക് മാറ്റം വരുത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) പെർമിറ്റ് നൽകുന്നതിന് വീടിന്റെ പ്ലിന്ത് ഏരിയ കണക്കാക്കി ഫീസു ചുമത്തുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1999-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസിൽ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് നൽകുന്നതിനോടൊപ്പം ഭൂവികസനത്തിന് ഡെവലപ്മെന്റ് ചാർജ്ജ് ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി)&(സി) ഭൂവികസന നികുതി ഈടാക്കുന്നതിനുള്ള അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

91 (3179) നഗമ തെക്കുംഭാഗം ഗ്രൂപ്പ് വില്ലേജ്

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ നഗമ-തെക്കുംഭാഗം ഗ്രൂപ്പ് വില്ലേജ് വിഭജിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) എന്നത്തേയ്ക്ക് നടപടികൾ പൂർത്തിയാകും?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) എല്ലാ ഗ്രൂപ്പ് വില്ലേജുകളും വിഭജിക്കുവാൻ റവന്യൂ വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ നിയമം

92(3180) ശ്രീ. എ.സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ലെ കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ നിയമം എന്നു മുതലാണ് പ്രാബല്യത്തിൽ വന്നത് എന്ന് വെളിപ്പെടുത്തുമോ;

(ബി) പുതിയ നിയമപ്രകാരമുള്ള ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ നിലവിൽ വന്നുവോ;

(സി) എങ്കിൽ എന്നുമുതലാണ് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1999 ഒക്ടോബർ 1 മുതൽ

(ബി) കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരം സംസ്ഥാനത്ത് ഒരു ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഉത്തരവ് ഉടനെ പുറപ്പെടുവിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly